Volume III | Issue 01
June 2026

# GUARDIAN

Quarterly News Letter of SBSU (KC)



# അവകാശ പോരാട്ടത്തിന്റെ പുതിയ അധ്യായം

## സ്റ്റാഫ് ഫെഡറേഷന്റെ ചരിത്ര സമരാഹ്വാനം




ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആഹ്വാനം ചെയ്ത ദ്വിദിന പണിമുടക്ക് ചരിത്രത്താളുകളിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തിയ ഒന്നായി മാറി. 2026 മെയ് 25,26 തീയതികളിൽ ആണ് അഖിലേന്ത്യ പണിമുടക്കിന് ഫെഡറേഷൻ ആഹ്വാനം നൽകിയത്. എസ് ബി ഐ യിൽ മെസ്സഞ്ചർ, ഗാർഡ്, ക്ലറിക്കൽ തസ്തികകളിൽ നിയമനം നടത്തുക, ന്യൂ പെൻഷൻ സ്കീമിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പെൻഷൻ ഫണ്ട് മാനേജറെ തെരഞ്ഞെടുക്കാനുള്ള അവകാശം നൽകുക, 2019ന് ശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ഇന്റർ സർക്കിൾ ട്രാൻസ്ഫർ നൽകുക, കരിയർ പ്രോഗ്രഷൻ സ്കീം കാലാനുസൃതമായി പരിഷ്കരിക്കുക, വേതന ഘടനയിലെ വിവേചനം പരിഹരിക്കുക, വിരമിച്ച ജീവനക്കാരുടെ പെൻഷൻ സംബന്ധമായ പ്രശ്നങ്ങൾ തീർപ്പാക്കുക, ദീർഘ നാളായി തുടരുന്ന HRMSലെ അപാകതകൾ സമയബന്ധിതമായി പരിഹരിക്കുക, പുറംകരാർവത്കരണം അവസാനിപ്പിക്കുക, മിസ് സെല്ലിങ് ഒഴിവാക്കുക, ബാങ്ക് ബോർഡിൽ വർക്മെൻ ഡയറക്ടറെ നിയമിക്കുക, പി എഫ് ട്രസ്റ്റിൽ ജീവനക്കാരുടെ പ്രതിനിധിയെ ഉൾപെടുത്തുക, മെഡിക്കൽ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുക തുടങ്ങിയ പതിനാറ് ആവശ്യങ്ങൾ ഉന്നയിച്ചാണ് ഫെഡറേഷൻ 2026 മെയ് 02ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെയർമാന് സമരത്തിന്റെ നോട്ടീസ് നൽകിയത്.

സമര പരിപാടികളുടെ ഭാഗമായി രാജ്യവ്യാപകമായി ലോക്കൽ ഹെഡ് ഓഫീസുകളുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുടെയും, വിവിധ ശാഖകളുടെയും മുന്നിൽ പ്രതിഷേധ പ്രകടനങ്ങൾ, ടൗൺ കേന്ദ്രങ്ങളിൽ പ്രതിഷേധ യോഗം, പ്ലകാർഡുകൾ ഉയർത്തി മൗന ധർണ, ബാഡ്ജ് ധാരണം, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ, പാർലമെന്റ് അംഗങ്ങൾക്കും ധനകാര്യ സെക്രട്ടറിക്കും നിവേദനം നൽകുക തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഇരുപത് ദിവസം നീണ്ട് നിന്ന സമര പരിപാടികളെ വളരെ ആവേശത്തോടെ ആണ് പുതു തലമുറ ഏറ്റെടുത്തത്. നഗര - ഗ്രാമ ഭേദമെന്യേ രാജ്യത്തെമ്പാടും വ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാനും, അത് മുഖേന സമരത്തിൽ നാം ഉയർത്തുന്ന വിവിധ ആവശ്യങ്ങൾ പൊതുജന ശ്രദ്ധയിലേക്ക് കൊണ്ടുവരാനും സാധിച്ചു.

സമരത്തിന്റെ നോട്ടീസ് നൽകിയതിന് ശേഷം വിവിധ ഘട്ടങ്ങളിൽ കോർപ്പറേറ്റ് സെന്റർ മാനേജ്മെന്റുമായും, ഡെപ്യൂട്ടി ചീഫ് ലേബർ കമ്മീഷണറുടെ ഓഫീസിലും ചർച്ചകൾ നടന്നു. മെയ് 22 ന് മുംബൈയിൽ നടന്ന അനുരഞ്ജന ചർച്ചയിൽ ഫെഡറേഷൻ ഉന്നയിച്ച ആവശ്യങ്ങൾ ബാങ്ക് മാനേജ്മെന്റ് അംഗീകരിക്കുകയും, ചില വിഷയങ്ങളിൽ തുടർ ചർച്ചകൾ നടത്താം എന്നും, മറ്റ് വിഷയങ്ങൾ സമയ ബന്ധിതമായി പരിഹരിക്കാം എന്നും ബാങ്ക് ഉറപ്പ് നൽകി. അതിനെത്തുടർന്ന് ഫെഡറേഷൻ സമര പരിപാടികൾ താത്കാലികമായി മാറ്റി വെച്ചു. കഴിഞ്ഞ 29 വർഷമായി നടത്താതെയിരുന്ന മെസ്സഞ്ചർ നിയമനം സംബന്ധിച്ചു ബാങ്ക് തത്വത്തിൽ അംഗീകരിക്കുകയും, ഗാർഡ്-ക്ലാർക്ക് നിയമനങ്ങൾ ഉടൻ നടത്തുമെന്നും, ഇന്റർ സർക്കിൾ ട്രാൻസ്ഫർ പുനഃസ്ഥാപിക്കാം, എൻ പി എസ് നിക്ഷേപ പാറ്റേൺ സംവിധാനത്തിൽ പരിഷ്കരണം കൊണ്ട് വരാം എന്നും ബാങ്ക് അംഗീകരിച്ചു. എൻ പി എസ് ഫണ്ട് മാനേജറെ തെരഞ്ഞെടുക്കാനുള്ള അവകാശം ജീവനക്കാർക്ക് നൽകണം എന്നുള്ള ആവശ്യത്തിൽ, വരും ദിവസങ്ങളിൽ ചർച്ച നടത്താം എന്നും അറിയിച്ചു. 28 വർഷം സർവീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് പുതിയ തസ്തിക സൃഷ്ടിക്കാനും, അതിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ പെൻഷന് പരിഗണിക്കാമെന്നും തീരുമാനമായി. വിരമിച്ച ജീവനക്കാരുടെ പെൻഷൻ സംബന്ധമായ പ്രശ്നങ്ങൾ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ അനുമതിയോടെ നൽകാമെന്നും, കരിയർ പ്രോഗ്രഷൻ സ്കീം പരിഷ്കരണം, പുറം കരാർവത്കരണം. HRMS എന്നിവ സംബന്ധിച്ചു സമയബന്ധിതമായി തുടർ ചർച്ചകൾ നടത്താമെന്നും ധാരണ ആയി.

പണിമുടക്കിന്റെ ഭാഗമായി നടന്ന പ്രക്ഷോഭങ്ങൾ രാജ്യത്തെ വിവിധ മേഖലകളിൽ സംഘടനയെ ശക്തിപ്പെടുത്തി എന്നുള്ളതാണ് സുപ്രധാനമായ നേട്ടം. സ്റ്റേറ്റ് ബാങ്കിൽ മാത്രമായി നാം നടത്തിയ സമര പരിപാടികൾ ചരിത്രത്തിന്റെ ഭാഗമാവുകയാണ്. തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാതെയിരുന്ന സ്റ്റേറ്റ് ബാങ്ക് മാനേജ്മെന്റ് ഒടുവിൽ ചർച്ചകൾക്ക് തയ്യാറായി പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ട് വന്നത് നമ്മുടെ സംഘടിത ശക്തിയുടെ വിജയമാണ്. നമുക്ക് നൽകിയ ഉറപ്പുകൾ സമയബന്ധിതമായി പരിഹരിക്കാൻ ബാങ്ക് തയ്യാറായില്ല എങ്കിൽ ശക്തമായ തുടർ പ്രക്ഷോഭങ്ങൾക്ക് നാം രൂപം നൽകും. പുതു തലമുറയെ വരും കാലങ്ങളിലെ വെല്ലുവിളികൾ ഏറ്റെടുക്കാൻ ഈ സമരപരിപാടികൾ പ്രാപ്തരാക്കി എന്നുള്ളത് കൊണ്ട് തന്നെ സ്റ്റാഫ് ഫെഡറേഷന്റെ ഈ അവകാശ പോരാട്ടം ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തും.

# സ. വിനോദ് ഫിലിപ്പിന് സ്നേഹാർദ്രമായ യാത്രാമൊഴി



നാല് പതിറ്റാണ്ടുകാലം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ജീവനക്കാരനായും, അതിലുപരി ബാങ്കിംഗ് മേഖലയിലെ തൊഴിലാളി പ്രസ്ഥാനങ്ങളുടെ വിട്ടുവീഴ്ചയില്ലാത്ത ശബ്ദമായും നിലകൊണ്ട സ.വിനോദ് ഫിലിപ്പ് (ചീഫ് അസോസിയേറ്റ്, എസ്.ബി.ഐ) ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചിരിക്കുകയാണ്. കർത്തവ്യനിഷ്ഠയും ആത്മാർത്ഥതയും കൈമുതലാക്കി അദ്ദേഹം പൂർത്തിയാക്കിയ ഈ സുദീർഘമായ സേവനജീവിതം, വരുംതലമുറയിലെ ബാങ്ക് ജീവനക്കാർക്കും ട്രേഡ് യൂണിയൻ പ്രവർത്തകർക്കും ഒരുപോലെ ഉജ്ജ്വല മാതൃകയാണ്.

ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന പിതാവിന്റെ അകാലവിയോഗത്തെ തുടർന്ന്, ആശ്രിത നിയമന പദ്ധതിയിലൂടെ 1987 സെപ്റ്റംബർ 18-ന് തിരുവല്ല ശാഖയിൽ ക്ലർക്കായിട്ടായിരുന്നു അദ്ദേഹത്തിന്റെ സർവീസിന്റെ തുടക്കം. വ്യത്യസ്തമായ ശാഖകളിലും ഭരണകാര്യ ഓഫീസുകളിലും സേവനമനുഷ്ഠിച്ച നാല് ദശാബ്ദക്കാലത്തെ ഔദ്യോഗിക ജീവിതത്തിൽ, സഹപ്രവർത്തകരുടെ സ്നേഹവും പൊതുജനങ്ങളുടെ ആദരവും ഒരുപോലെ പിടിച്ചുപറ്റാൻ അദ്ദേഹത്തിന് സാധിച്ചു. ജോലിയിലെ ഈ മികവിനൊപ്പം തന്നെ, ജീവനക്കാരുടെ അവകാശങ്ങൾക്കായി പോരാടുന്ന ട്രേഡ് യൂണിയൻ രംഗത്തും അദ്ദേഹം സമാനതകളില്ലാത്ത നേതൃത്വം കാഴ്ചവച്ചു.

സംഘടനയുടെ ആലപ്പുഴ സോണിന്റെ റീജിയണൽ സെക്രട്ടറി ആയി സെൻട്രൽ കമ്മിറ്റിയുടെ ഭാഗമായ അദ്ദേഹം, പിന്നീട് തിരുവനന്തപുരം സബ് ഓഫീസിന്റെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയായി. അസോസിയേറ്റ് ബാങ്കുകളുടെ ലയനാന്തരം രൂപം കൊണ്ട പ്രതിസന്ധി ഘട്ടത്തിൽ, 2017 മുതൽ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കോട്ടയം സബ് ഓഫീസിന്റെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയായി അദ്ദേഹം ചുമതലയേറ്റു. ലയനകാലത്ത് കോട്ടയം മേഖലയിലുണ്ടായ സംഘടനാപരമായ വെല്ലുവിളികളെയും തർക്കങ്ങളെയും ജീവനക്കാർക്ക് അനുകൂലമായി പരിഹരിക്കുന്നതിൽ അദ്ദേഹത്തിന്റെ ചർച്ചാപാടവവും സംഘടനാ മികവും നിർണായകമായി മാറി. പ്രാദേശിക തലത്തിലെ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല സഖാവ് വിനോദ് ഫിലിപ്പിന്റെ സംഘടനാ വൈഭവം. ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ ദേശീയ ഉപാധ്യക്ഷൻ, നാഷണൽ കോൺഫെഡറേഷൻ ഓഫ് ബാങ്ക് എംപ്ലോയീസ് ദേശീയ കൗൺസിൽ അംഗം എന്നീ പദവികൾ വഹിച്ചുകൊണ്ട് ദേശീയ തലത്തിലും ബാങ്കിംഗ് തൊഴിലാളി പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. ജീവനക്കാരുടെ അവകാശ സംരക്ഷണത്തിനായി ദേശീയ വേദികളിൽ അദ്ദേഹം ഉയർത്തിയ ശബ്ദം എക്കാലവും ഓർമ്മിക്കപ്പെടുന്നതാണ്.

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ വളർച്ചയ്ക്കും ജീവനക്കാരുടെ ക്ഷേമത്തിനുമായി സ. വിനോദ് ഫിലിപ്പ് നൽകിയ നിസ്വാർത്ഥ സേവനങ്ങളെ നന്ദിയോടെയും അഭിമാനത്തോടെയും സ്മരിക്കേണ്ടതുണ്ട്. ഔദ്യോഗിക ജീവിതത്തിന്റെ പടവുകളിറങ്ങി വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന പ്രിയ സഖാവിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം, ആരോഗ്യവും സന്തോഷവും സമാധാനവും നിറഞ്ഞ ഒരു നല്ല നാളെ നേർന്നുകൊണ്ട് സ്നേഹാർദ്രമായ യാത്രാമൊഴി നേരുന്നു.

# ആത്മാർത്ഥതയുടെ സമരരേഖ; സഖാവ് രാജീവ് എം. പി.ക്ക് യാത്രാമൊഴി



സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരളാ സർക്കിളിന്റെ ചരിത്രത്തിൽ ലാളിത്യവും സമർപ്പണവും കൊണ്ട് ജനമനസ്സുകളിൽ ഇടംപിടിച്ച നേതാവാണ് സ.രാജീവ് എം. പി. രണ്ട് പതിറ്റാണ്ടോളം ബാങ്ക് ജീവനക്കാരുടെ അവകാശങ്ങൾക്കായി ഉറച്ചുനിന്ന അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്നും സംഘടനയുടെ സജീവ ചുമതലകളിൽ നിന്നും പടിയിറങ്ങുമ്പോൾ, അത് ഒരു വ്യക്തിയുടെ വിരമിക്കൽ മാത്രമല്ല; പോരാട്ടങ്ങളുടെയും പ്രതിബദ്ധതയുടെയും ഒരു ശ്രദ്ധേയ കാലഘട്ടത്തിന്റെ സമാപനം കൂടിയാണ്.

1966 മെയ് 20-ന് പെരുമ്പാവൂർ വെങ്ങോലയിൽ ജനിച്ച സ.രാജീവിന്റെ ജീവിതം തുടക്കം മുതലേ കഠിനാധ്വാനത്തിന്റേതായിരുന്നു. പതിനേഴാം വയസ്സിൽ ഇന്ത്യൻ വ്യോമസേനയിൽ ചേർന്ന അദ്ദേഹം, കാർഗിൽ യുദ്ധം ഉൾപ്പെടെയുള്ള നിർണായക സൈനിക ദൗത്യങ്ങളിൽ പങ്കാളിയായി. ഇരുപത് വർഷത്തെ സൈനിക സേവനത്തിന് ശേഷം, 2009-ലാണ് അദ്ദേഹം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജോലിയിൽ പ്രവേശിച്ചത്. രാജ്യരക്ഷാ സേവനത്തിൽ നിന്ന് ആർജിച്ച അച്ചടക്കവും സമയനിഷ്ഠയും ഉത്തരവാദിത്വബോധവും അദ്ദേഹം ട്രേഡ് യൂണിയൻ രംഗത്തേക്കും പകർത്തി.

നാഷണൽ കോൺഫെഡറേഷൻ ഓഫ് ബാങ്ക് എംപ്ലോയീസ് കേന്ദ്ര കമ്മിറ്റി അംഗം, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരളാ സർക്കിളിന്റെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്), അസിസ്റ്റന്റ് ജനറൽ സെക്രട്ടറി, എൻ.സി.ബി.ഇ ജില്ലാ സെക്രട്ടറി എന്നീ ചുമതലകളിൽ സംഘടനയെ മുന്നിൽ നിന്ന് നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു. വിവിധ തലങ്ങളിലെ സംഘടനാ പ്രവർത്തനങ്ങളിൽ അദ്ദേഹം നൽകിയ നേതൃത്വം പ്രസ്ഥാനത്തിന് ശക്തമായ അടിത്തറ പാകാൻ സഹായകമായി. വിഷയങ്ങളെ ലളിതമായി വിശകലനം ചെയ്ത് അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ പഠനക്ലാസുകൾ അംഗങ്ങൾക്ക് ഒരേ സമയം അറിവും പ്രചോദനവും പകർന്നു നൽകുന്നതായിരുന്നു. ജീവനക്കാരുടെ അവകാശങ്ങൾക്കായി സംഘടന ഹൈക്കോടതിയിൽ നടത്തിയ നിരവധി നിയമപോരാട്ടങ്ങൾ ഏകോപിപ്പിക്കുന്നതിൽ അദ്ദേഹം കാഴ്ചവെച്ച ആത്മാർത്ഥതയും സമർപ്പണവും പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്.

സംഘടനാ പദവികളിൽ നിന്നും സജീവ ട്രേഡ് യൂണിയൻ രംഗത്തുനിന്നും സഖാവ് രാജീവ് പടിയിറങ്ങുമ്പോൾ, വരുംതലമുറയ്ക്ക് പിന്തുടരാൻ അച്ചടക്കത്തിന്റെയും സമർപ്പണത്തിന്റെയും പോരാട്ടവീര്യത്തിന്റെയും വലിയൊരു മാതൃകയാണ് അദ്ദേഹം ബാക്കിവെക്കുന്നത്. അദ്ദേഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങളും സംഘടനാപ്രതിബദ്ധതയും സഹപ്രവർത്തകരോടുള്ള ആത്മാർത്ഥതയും എന്നും ഓർമ്മിക്കപ്പെടും. വിരമിക്കലിന്റെ പുതിയ ജീവിതഘട്ടത്തിലേക്ക് കടക്കുന്ന പ്രിയ സഖാവിനും കുടുംബത്തിനും സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)ന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

# എ പി ജി ട്രേഡ് യൂണിയൻ ഇൻസ്റ്റിറ്റ്യൂട്ട്

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ പഠന സംവിധാനമായ എ പി ജി ട്രേഡ് യൂണിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം, എറണാകുളം,കോട്ടയം മേഖലകളിൽ പഠന ശിബിരം സംഘടിപ്പിച്ചു.

## സോൺ 27, മലപ്പുറം

2026 ഫെബ്രുവരി 08-ാം തീയതിയാണ് മലപ്പുറത്ത് പഠന ക്യാമ്പ് സംഘടിപ്പിച്ചത്. ജനറൽ സെക്രട്ടറി സ: അഖിൽ എസ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച പ്രസിഡന്റ് സ: രജത് എച്ച് സി സംഘടന - പ്രസക്തിയും സമകാലിക വെല്ലുവിളികളും എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. അസിസ്റ്റന്റ് ജനറൽ സെക്രട്ടറിമാരായ സഖാക്കൾ ധനൂഷ് കെ ടി, അഖിൽ വിനായക് എന്നിവർ നമ്മുടെ തൊഴിൽ - ചെയ്യേണ്ടതും ചെയ്യരുതാത്തതും എന്ന വിഷയവും, വൈസ് പ്രസിഡന്റ് സ: അജിത് കെ ഇ, ഓർഗനൈസിംഗ് സെക്രട്ടറി സ: അനു പി എന്നിവർ സേവന വേതന വ്യവസ്ഥകൾ എന്ന വിഷയവും അവതരിപ്പിച്ചു. കോഴിക്കോട് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ: സാജു കെ, തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ: വൈശാഖ് വി ജെ, കേന്ദ്ര കമ്മിറ്റി അംഗം സ: വിവേക് മോഹൻ എന്നിവർ സംസാരിച്ചു. മലപ്പുറം സോൺ രൂപീകരിച്ചതിന് ശേഷം ആദ്യമായി സംഘടിപ്പിച്ച എ പി ജി ട്രേഡ് യൂണിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമ്മേളനത്തിൽ നൂറ്റി മുപ്പതോളം സഖാക്കൾ പങ്കെടുത്തു.

## സോൺ 16, എറണാകുളം

എറണാകുളം സോൺ 16 ലെ യൂണിറ്റ് സെക്രട്ടറിമാർക്കായി എ പി ജി ട്രേഡ് യൂണിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിമുഖ്യത്തിൽ പഠന സമ്മേളനം 2026 ഫെബ്രുവരി 22-ന് ആലുവയിൽ സംഘടിപ്പിച്ചു. സ്റ്റാഫ് യൂണിയന്റെ പ്രസിഡന്റ് സ: രജത് എച്ച് സി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു. ലേബർ കോഡിലെ തൊഴിലാളി വിരുദ്ധ നയങ്ങളെ സംബന്ധിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്ത ജനറൽ സെക്രട്ടറി സ: അഖിൽ എസ് വിശദമായി സംസാരിച്ചു. ട്രേഡ് യൂണിയനുകളുടെ പ്രസക്തിയെ കുറിച്ച് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ: ജി സുമേഷും, ലേബർ കോഡിലെ സ്ത്രീ വിരുദ്ധ സമീപനങ്ങളെ കുറിച്ച് ഓർഗനൈസിംഗ് സെക്രട്ടറി സ: ശ്യാമ സോമനും ക്ളാസ്സുകൾ കൈകാര്യം ചെയ്തു. എറണാകുളം സബ് ഓഫീസിലെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്) സ: രാജീവ് എം പി, അസിസ്റ്റന്റ് ജനറൽ സെക്രട്ടറിമാരായ സഖാക്കൾ ഷജിത് എം, സുർജി എം തരകൻ, പ്രദീഷ് രാജാമണി, സെൻട്രൽ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ അനിൽകുമാർ എസ്, രാമകൃഷ്ണൻ എം എ എന്നിവർ പങ്കെടുത്തു. മെയ് മാസം സർവീസിൽ നിന്നും സംഘടനയിൽ നിന്നും വിരമിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്) സഖാവ് എം പി രാജീവിനെ സമ്മേളനം ആദരിച്ചു.

## സോൺ 09 & 10, കോട്ടയം

കോട്ടയം സബ് ഓഫീസിലെ 09,10 സോണുകളുടെ സംയുക്ത പഠന സമ്മേളനം 2026 ഏപ്രിൽ 19-ന് കോട്ടയത്ത് സംഘടിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ ജനറൽ സെക്രട്ടറി സ: അഖിൽ എസ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന് പ്രസിഡന്റ് സ: രജത് എച്ച് സി അദ്ധ്യക്ഷത വഹിച്ചു. കോട്ടയം സബ് ഓഫീസിലെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്) സ: സുജിത് ചന്ദ്രൻ, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി സ: ഉണ്ണികൃഷ്ണ പിള്ള എന്നിവർ ക്ളാസ്സുകൾ കൈകാര്യം ചെയ്തു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ: വിനോദ് ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. കോട്ടയം സബ് ഓഫീസിലെ വൈസ് പ്രസിഡന്റ് സ: ഹരി എസ്, ഓർഗനൈസിംഗ് സെക്രട്ടറി സ: സിന്ധു വി എസ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറിമാരായ സഖാക്കൾ കിരൺ മോഹൻ, ജയകൃഷ്ണൻ ടി എൻ, റോണി തോമസ്, അനിൽകുമാർ ആർ, കേന്ദ്ര കമ്മിറ്റി അംഗങ്ങളായ സഖാക്കൾ അനൂപ് കൈലാസ്, അനിൽകുമാർ സി ടി എന്നിവർ പങ്കെടുത്തു. തുടർന്ന് മെയ് മാസം സർവീസിൽ നിന്നും സംഘടനയിൽ നിന്നും വിരമിക്കുന്ന ഓൾ ഇന്ത്യ എസ് ബി ഐ സ്റ്റാഫ് ഫെഡറേഷന്റെ വൈസ് പ്രസിഡന്റും, സ്റ്റാഫ് യൂണിയന്റെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയുമായ സ: വിനോദ് ഫിലിപ്പിന് യാത്രയയപ്പ് നൽകി. യാത്രയയപ്പ് യോഗത്തിൽ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരായ സഖാക്കൾ സുമേഷ് ജി, രാജീവ് എം പി, മുൻ ജനറൽ സെക്രട്ടറി സഖാവ് ഫിലിപ്പ് കോശി, മുൻ സംഘടനാ ഭാരവാഹികൾ ആയ എസ് ആർ വാര്യർ, രാജു എം എസ്, രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## സോൺ 14 & 15, എറണാകുളം

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ എറണാകുളം സബ് ഓഫീസിലെ സോൺ 14 & 15ന്റെ സംയുക്ത ആഭിമുഖ്യത്തിൽ പഠന സമ്മേളനവും, യാത്രയയപ്പ് യോഗവും 2026 മെയ് 05-ന് സംഘടിപ്പിച്ചു. എറണാകുളം സബ് ഓഫീസ് വൈസ് പ്രസിഡന്റ് സ: നസീർ പി എൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ജനറൽ സെക്രട്ടറി സഖാവ് അഖിൽ എസ് ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ജനറൽ സെക്രട്ടറി സ: ഷജിത് എം, എൻ സി ബി ഇ ജില്ലാ സെക്രട്ടറി സ: ജിതിൻ ജെ സി എന്നിവർ ക്ളാസ്സുകൾ കൈകാര്യം ചെയ്തു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരായ സ: സുമേഷ് ജി, സ: വിനോദ് ഫിലിപ്പ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. യോഗത്തിൽ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്) സഖാവ് രാജീവ് എം പി, ഹെഡ് ക്വാർട്ടേഴ്സ് വൈസ് പ്രസിഡന്റ് സ: ആദർശ് വി എസ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറിമാരായ സഖാക്കൾ സുർജി എം തരകൻ, അഖിലേഷ് എൻ, പ്രദീഷ് രാജാമണി, കേന്ദ്ര കമ്മിറ്റി അംഗങ്ങളായ സഖാക്കൾ അനിൽകുമാർ എസ്, രാമകൃഷ്ണൻ എം എ എന്നിവർ പങ്കെടുത്തു. മെയ് മാസം സർവീസിൽ നിന്നും സംഘടനയിൽ നിന്നും വിരമിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി (ബ്രാഞ്ചസ്) സ: എം പി രാജീവിന് സമ്മേളനം യാത്രയയപ്പ് നൽകി.

# സ്റ്റാഫ് ഫെഡറേഷന്റെ സമരാഹ്വാനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നടത്തിയ പ്രക്ഷോഭ പരിപാടികൾ



## മാനേജ്മെന്റിന്റെ ഏകപക്ഷീയ നടപടികൾക്കെതിരെ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ പ്രതിഷേധിച്ചു

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് മാനേജ്മെന്റിന്റെ ഏകപക്ഷീയവും തൊഴിലാളി വിരുദ്ധവുമായ നടപടികൾക്കെതിരെ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധ യോഗം സംഘടിപ്പിച്ചു. 2026 ഏപ്രിൽ 29-ന് തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന് മുന്നിലായിരുന്നു ജീവനക്കാർ പ്രതിഷേധം സംഘടിപ്പിച്ചത്. ബാങ്കിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിക്കാതെ ദൂരസ്ഥലങ്ങളിലേക്ക് ഏകപക്ഷീയമായി സ്ഥലം മാറ്റിയതിലും, സർവീസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ജീവനക്കാരെ ഓഫീസിലേക്ക് പ്രവേശിക്കുന്നത് തടഞ്ഞതിലും പ്രതിഷേധിച്ചാണ് സമരം സംഘടിപ്പിച്ചത്. പ്രതിഷേധ യോഗത്തെ അഭിസംബോധന ചെയ്ത് പ്രസിഡന്റ് സ. രജത് എച്ച്. സി., ജനറൽ സെക്രട്ടറി സ. അഖിൽ എസ്., വൈസ് പ്രസിഡന്റ് സ. ഹരി കെ. എസ്., ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സ. വൈശാഖ് വി. ജെ. എന്നിവർ സംസാരിച്ചു. തിരുവനന്തപുരം ജില്ലയുടെ വിവിധ മേഖലകളിൽ നിന്നായി ഇരുന്നൂറിലധികം അംഗങ്ങൾ പ്രതിഷേധ യോഗത്തിൽ പങ്കെടുത്തു.



Printed & Published by :-
The General Secretary, SBSU (KC), SBSU Centre, Panavila, Thiruvananthapuram